**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 374** **29-01-2024 - ൽ മറുപടിയ്ക്ക്**

**ത്രിതലപഞ്ചായത്തുകളുടെ കാര്യക്ഷമതയും സ്വയംപര്യാപ്തതയും ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ത്രിതലപഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുകൂടി ലക്ഷ്യം വച്ച് ഉല്പാദന മേഖലയിൽ എന്തൊക്കെ കർമ്മപദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളത്; ഇതിനായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗരേഖകളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പരമ പ്രധാനമായ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിനായി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം, നൈപുണ്യ വികസനം തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുമുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നൽകണമെന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളിലൂടെ [സ.ഉ. (കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ. (കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022] തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം കൂടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (കൈ)നം. 3/2023/ തസ്വഭവ; തീയതി 04.01.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുമുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുന്നതിലൂടെ സ്വാഭാവികമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനവും വർദ്ധിക്കുന്നതാണ്. |
| (ബി) | തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നല്കുന്ന ഘട്ടത്തിൽ അവയുടെ പ്രായോഗികതയും നിയമപരമായ നിലനിൽപ്പും ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർമാരും നൂതന പ്രോജക്ടുകൾക്ക് ജില്ലാകളക്ടർ അദ്ധ്യക്ഷനായ ഒരു സമിതിയുമാണ് അംഗീകാരം നൽകുന്നത്. പ്രോജക്ടുകളിൽ വിശദമായ പരിശോധന നടത്തിയാണ് അതിനായി ചുമതലപ്പെട്ട |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ അംഗീകാരവും സാങ്കേതികാനുമതിയും നൽകേണ്ടത്. പ്രോജക്റ്റുകളുടെ സാമ്പത്തിക-സാങ്കേതിക ക്ഷമതയും പ്രായോഗികതയും വിലയിരുത്തി അംഗീകാരം നൽകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (കൈ)നം. 84/2022/ തസ്വഭവ; തീയതി 19.04.2022, സ.ഉ. (കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതികൾക്ക് അംഗീകാരം നല്കിയത് ഓഡിറ്റിംഗിൽ കണ്ടെത്തുന്ന ഘട്ടത്തിൽ ചുമത്തുന്ന ശിക്ഷാനടപടിക്ക് അതത് പദ്ധതികൾക്ക് അംഗീകാരം നല്കുന്ന ജില്ലാതല സമിതിക്കും ബാധ്യതയുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ; | (സി) | മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്റ്റിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ നഷ്ടോത്തരവാദിത്തം വെറ്റിംഗ് ഓഫീസർമാർക്കും, പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വീഴ്ചകൾക്ക് നഷ്ടോത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനും ആയിരിക്കുമെന്ന് സ.ഉ. (കൈ)നം. 84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ. (കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ ആസൂത്രണ കമ്മിറ്റി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്കാണ് അംഗീകാരം നൽകുന്നത്. പ്രോജക്റ്റുകൾ സംബന്ധിച്ച്, അവ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്നുള്ള പൊതുവായ പരിശോധന മാത്രമേ ജില്ലാ ആസൂത്രണ കമ്മിറ്റി നടത്തുന്നുള്ളൂ. പ്രോജക്റ്റുകളുടെ സാമ്പത്തിക-സാങ്കേതിക ക്ഷമതയും പ്രായോഗികതയും ഉൾപ്പെടെ പ്രൊജക്റ്റിന്റെ അംഗീകാരം സംബന്ധിച്ച എല്ലാ ഘടകങ്ങളും വിശദമായി വിലയിരുത്തി അംഗീകാരം നൽകുന്നത് അതിനായി നിയോഗിച്ചിട്ടുള്ള വിദഗ്ധരായ വെറ്റിംഗ് ഓഫീസർമാരാണ്. |
| (ഡി) | ത്രിതലപഞ്ചായത്തുകളുടെ പദ്ധതിരൂപീകരണത്തിൽ അതത് സ്ഥാപനങ്ങൾക്ക് വരുമാനദായകമായ പദ്ധതികൾക്ക് പ്രാമുഖ്യം നല്കാനും അതിലൂടെ തദ്ദേശ സ്ഥാപനങ്ങളെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്ന വിധത്തിൽ മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിക്കാമോ; | (ഡി) | ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളാണ്. ഉൽപാദനം വർദ്ധിപ്പിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുകയും അതിലൂടെ തദ്ദേശഭരണ സ്ഥാപനനങ്ങളുടെ വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മറ്റ് വരുമാനദായക പ്രോജക്റ്റുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ ഏറ്റെടുത്ത് വരുന്നുമുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതാണ്. |
| (ഇ) | എം. എൽ. എ., /എം. പി. ഫണ്ട്, മറ്റ് | (ഇ) | എം.എൽ.എ./ എം.പി ഫണ്ട് ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | ബാഹ്യഫണ്ടുകൾ എന്നിവ മുഖേന പൂർത്തിയാക്കി തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുനല്കുന്ന പദ്ധതികളുടെ ഗ്യാരണ്ടി കാലാവധി കഴിഞ്ഞുള്ള പരിപാലനത്തിന് അതത് സ്ഥാപനങ്ങൾ വൈമുഖ്യം കാണിക്കുന്നുണ്ടെങ്കിൽ ആയതിന് പരിഹാരം കണ്ടെത്തുമോ; വിട്ടുകിട്ടിയ ആസ്തികൾ കൃത്യമായി പരിപാലിക്കുന്നത് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | | ആർജ്ജിക്കുന്ന നിരവധി ആസ്തികളുടെ (ഉദാ. റോഡുകൾ, ആംബുലൻസുകൾ, മിനിമാസ്റ്റ് ലൈറ്റുകൾ) സംരക്ഷണ ചുമതല തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാറുണ്ട്. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള മുൻകൂർ ധാരണയുടെ അടിസ്ഥാനത്തിൽ പരിപാലന ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പരിപാലനം തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവഹിച്ചുവരുന്നുമുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് ഫണ്ട് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്താറുണ്ട്. വിട്ടുകിട്ടിയ ആസ്തികൾ സംരക്ഷിക്കുന്നതിനായി ആസ്തി സംരക്ഷണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് മാർഗ്ഗരേഖ പ്രകാരം നിർദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പരിമിതമായ വിഭവങ്ങളാണ് തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും ആസ്തികളുടെ സംരക്ഷണത്തിനുമായി വിനിയോഗിക്കുന്നത്. |
| (എഫ്) | തദ്ദേശ സ്ഥാപനങ്ങളിൽ ലഭിക്കുന്ന പരാതികൾക്കും നിവേദനങ്ങൾക്കും പരിഹാരത്തിനായി സ്ഥിരം അദാലത്ത് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | പൊതുജനങ്ങൾക്ക് അവരുടെ പരാതികളും നിർദ്ദേശങ്ങളും ഉന്നയിക്കുന്നതിനുള്ള അവസരം നൽകുന്നതിലേക്ക് ആധുനിക സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപെടുത്തി പരാതികൾ പരിഹരിക്കുന്നതിനായി ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയ ശേഷം മാസം തോറും ആദ്യത്തെ ബുധനാഴ്ച ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്ന ഒരു അദാലത്ത് നടത്തി ജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും കേൾക്കേണ്ടതാണെന്ന് സ.ഉ.(കൈ)നം. 84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022 എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ പരാതി പരിഹാര സംവിധാനത്തിനായി 12.05.2017 ലെ സ.ഉ. (സാധാ) നം. 1558/2017/ത.സ്വ.ഭ.വ പ്രകാരം പ്രത്യേകം മാന്വലും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾക്ക് മാനദണ്ഡങ്ങൾ പ്രകാരമുള്ള സമയപരിധി കവിയുന്ന അവസരങ്ങളിലും, സേവനം പൂർത്തിയാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിലും, ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാര സാദ്ധ്യതകൾ രൂപപ്പെടുത്തുന്നതിനായും ഫെസിലിറ്റേഷൻ- |

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ്- വിജിലൻസ് സംവിധാനമായി പ്രവർത്തിക്കുന്നതിനും ഉപജില്ലാ തലത്തിലും, ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുള്ള സ്ഥിരം അദാലത്ത് സമിതി, സിറ്റിസൺ അസിസ്റ്റന്റ് എന്ന പേരിൽ, 25.04.2023ലെ സ.ഉ. (സാധാ) നം. 916/2023/ത.സ്വ.ഭ.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. adalat.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴി സ്ഥിരം അദാലത്ത് സമിതി മുമ്പാകെ പരാതികൾ നൽകാനുള്ള സൗകര്യമുണ്ട്. ടി വെബ്സൈറ്റ് മുഖേന ഫോൺ നമ്പർ ഉപയോഗിച്ച് പരാതിയുടെ തുടർനടപടി വിവരങ്ങൾ ട്രാക്ക് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ